## ഹദീസ്

എം.എസ്.എ റസാഖ്

# സ്വർഗം നേടാനുള്ള വഴി

عَنْ أَبِي هُرَيْرَةَ رضي الله عنه، عَنِ النَّبِيِّ صلى الله عليه وسلم قَالَ : رَغِمَ أَنْفُ ثُمَّ رَغِمَ أَنْفُ ثُمَّ رَغِمَ أَنْفُ . مَنْ أَدْرَكَ أَبَوَيْهِ عِنْدَ الْكِبَرِ أَحَدَهُمَا أَوْ كِلَيْهِمَا فَلَمْ يَدْخُلِ الْجَنَّةَ (رواه مسلم)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) അരുൾ ചെയ്തു: 'വാർധക്യം പ്രാപിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും അവരെ പരിചരിക്കുന്നതിലൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയാത്തവൻ ഹതഭാഗ്യനാകുന്നു. അവൻ തുലഞ്ഞതുതന്നെ, അവൻ നശിച്ചതു തന്നെ' (മുസ്‌ലിം).**

മാതാപിതാക്കളെ നല്ലനിലയിൽ പരിചരിക്കുന്നതും സംരക്ഷിക്കുന്നതും അവർക്ക് നന്മചെയ്യുന്നതും മതപരമായി ഏറെ പുണ്യകരവും പ്രതിഫലാർഹവുമാണ്. വിശുദ്ധ ഖുർആനും തിരുസുന്നത്തും ഏറെ പ്രാധാന്യത്തോടെയാണ് ഇക്കാര്യം പ്രതിപാദിച്ചിട്ടുള്ളത്. സ്വർഗം തേടുന്നവർക്ക് സുവർണാവസരമാണ് മാതാപിതാക്കളെ പരിചരിക്കലും സംരക്ഷിക്കലും. വിശിഷ്യാ അവർ വാർധക്യം ബാധിച്ചവരാണെങ്കിൽ. പുതുതലമുറ ഇതിന്റെ മതപരവും സാമൂഹികവുമായ പ്രാധാന്യം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല എന്നാണ് ചില സംഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ സകല നന്മകളുടെയും അടിത്തറയാകുന്നു. യഹ്‌യാ നബി മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനായിരുന്നുവെന്ന് ഖുർആൻ പ്രശംസിക്കുന്നു (*മർയം* 14). ഈസാ നബി മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനായിരുന്നു (*മർയം* 32). മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് ബനൂ ഇസ്രാഈല്യരോട് അല്ലാഹു കരാർ വാങ്ങിയിരുന്നു (*അൽബഖറ* 83). ശിർക്ക് കഴിഞ്ഞാൽ പിന്നെ വൻപാപം മാതാപിതാക്കളെ ചീത്തവിളിക്കലാകുന്നു. അത്തരക്കാർക്ക് സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. നബി(സ) പറയുന്നു: 'മൂന്നു വിഭാഗത്തിന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. മദ്യപൻ, മാതാപിതാക്കളെ ചീത്ത വിളിക്കുന്നവൻ, തന്റെ സംരക്ഷണത്തിലിരിക്കുന്ന സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൻ' (അഹ്മദ്, നസാഈ). മറ്റൊരിക്കൽ പ്രവാചകൻ: 'മാതാപിതാക്കളെ ചീത്തവിളിക്കുന്നത് ഒഴികെയുള്ള മറ്റെല്ലാ കുറ്റങ്ങളും അല്ലാഹു അന്ത്യദിനത്തിലേക്ക് മാറ്റിവെക്കും. അത്തരക്കാർക്കുള്ള ശിക്ഷ അല്ലാഹു ഈ ലോകത്തു വെച്ച് തന്നെ നൽകുന്നതാണ്' (ഹാകിം). 'വൻപാപങ്ങളേതാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?' എന്ന് മൂന്നുപ്രാവശ്യം ആവർത്തിച്ച ശേഷം നബി(സ) അരുളി: 'അല്ലാഹുവിൽ പങ്കുചേർക്കലും മാതാപിതാക്കളെ ചീത്തവിളിക്കലുമാകുന്നു അത്.' കളവ് പറയലും കള്ളസാക്ഷ്യം വഹിക്കലും വൻപാപങ്ങളിൽപെടുന്നതായി തുടർന്ന് നബി(സ) പറയുകയുണ്ടായി (ബുഖാരി, മുസ്‌ലിം).

മാതാപിതാക്കളെ അവഗണിക്കുന്നതിന്റെ ഭവിഷ്യത്ത് യുവാവായ അൽഖമയുടെ ചരിത്രത്തിൽനിന്നും ഗ്രഹിക്കാം. അൽഖമയുടെ ഉമ്മക്ക് അദ്ദേഹത്തോടുണ്ടായിരുന്ന കോപം മരണാസന്നമായ അവസരത്തിൽ അൽഖമക്ക് ശഹാദത്ത് കലിമ ഉച്ചരിക്കാൻ തടസ്സമാവുകയുണ്ടായി. ആ ഉമ്മ അൽഖമയോട് സംതൃപ്തയായിരിക്കുന്നുവെന്ന് പ്രവാചകനോട് അറിയിച്ച ശേഷം മാത്രമാണ് അദ്ദേഹത്തിന് ശഹാദത്ത് കലിമ ഉച്ചരിച്ച് മരണം വരിക്കാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ മയ്യിത്തിന് പ്രവാചകൻ നമസ്കരിച്ച ശേഷം ഖബ്റിനരികിൽ നിന്നുകൊണ്ട് പറഞ്ഞു: 'മുഹാജിറുകളേ, അൻസ്വാറുകളേ, ഏതൊരുവൻ തന്റെ പെറ്റമ്മയേക്കാൾ ഭാര്യക്ക് ശ്രേഷ്ഠതയും പരിഗണനയും നൽകുന്നുവെങ്കിൽ അവനിൽ ദൈവകോപം ഉണ്ടാവും. തൗബയും പ്രായശ്ചിത്തവും അവനിൽനിന്ന് സ്വീകരിക്കുകയുമില്ല' (ത്വബറാനി, അഹ്മദ്). മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും അവരോട് മാന്യമായ വാക്കുകൾ പറയണമെന്നും കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് വിടർത്തിക്കൊടുക്കണമെന്നും അവർക്കുവേണ്ടി പ്രാർഥിക്കണമെന്നും അല്ലാഹു ആവശ്യപ്പെടുന്നു (*അൽ ഇസ്‌റാഅ്* 24). അല്ലാഹുവിനെ ആരാധിക്കാൻ ആവശ്യപ്പെടുന്നതിനോടൊപ്പമാണ് മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. മാതാപിതാക്കളെ പേർ ചൊല്ലി വിളിക്കാതിരിക്കുക, അവരുടെ മുമ്പേ നടക്കാതിരിക്കുക, അവരുടെ ഉപദേശങ്ങൾ തള്ളിക്കളയാതിരിക്കുക, അവരോട് ദേഷ്യപ്പെടാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ മാതാപിതാക്കളോടുള്ള സഹവാസത്തിൽ നിഷ്കർഷിക്കണമെന്ന് പൂർവികർ നിർദേശിച്ചതായി കാണാം.

മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ സ്വർഗപ്രവേശത്തിന് നിമിത്തമാകുന്നു. ജാഹിമ എന്നു പേരുള്ള ഒരു സ്വഹാബി നബി(സ) യോട് പറഞ്ഞു: 'ഞാൻ യുദ്ധം ചെയ്യാൻ സന്നദ്ധനായി വന്നതാണ്.' പ്രവാചകൻ ചോദിച്ചു; 'നിനക്ക് മാതാപിതാക്കളുണ്ടോ?' 'ഉണ്ട്.' 'എങ്കിൽ അവരെ പരിചരിക്കുക. സ്വർഗം അവരുടെ ഇരുപാദങ്ങളുടെയും അടിയിലാണ്' (അഹ്മദ്, നസാഈ). മാതാപിതാക്കൾക്കു വേണ്ട സേവനങ്ങൾ ചെയ്തുകൊണ്ട് നല്ല രീതിയിൽ അ

വരെ പരിചരിക്കുന്നതിലൂടെ സ്വർഗം നേടാം എന്നാണ് ഈ പ്രവാചകവചനം നൽകുന്ന പാഠം. ധർമ സമരത്തിനു പോകാൻ അനുമതി ചോദിച്ച ഒരു വ്യക്തിയോട് പ്രവാചകൻ (സ) ചോദിച്ചു: 'നിന്റെ മാതാപിതാക്കളിലാരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' 'ഉണ്ട്, അവർ രണ്ടു പേരും.' 'എങ്കിൽ നീ അവരിരുവരെയും പരിചരിക്കുകയാണ് ചെയ്യേണ്ടത്' (ബുഖാരി).

ഒരാൾ നബി(സ)യുടെ സന്നിധിയിൽ വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് പലായനം ചെയ്യാമെന്നും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിനു പുറപ്പെടാമെന്നും ഞാൻ അങ്ങയോട് പ്രതിജ്ഞ ചെയ്യുന്നു.' തത്സമയം നബി(സ) ചോദിച്ചു: 'മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' 'അതേ! രണ്ടാളും ജീവിച്ചിരിപ്പുണ്ട്.' അയാൾ മറുപടി പറഞ്ഞു. അവിടുന്ന് പറഞ്ഞു: 'നീ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ടു തന്നെയാണോ?' അയാൾ പറഞ്ഞു: 'അതേ!' 'എന്നാൽ നീ സ്വന്തം മാതാപിതാക്കളുടെ അടുക്കൽ മടങ്ങിച്ചെന്ന് അവരോടുള്ള സഹവാസം നന്നാക്കിത്തീർക്കുക' (ബുഖാരി, മുസ്‌ലിം). ഇബ്നു മസ്ഊദ്(റ) നബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനം ഏതാണ്?' അവിടുന്ന് പറഞ്ഞു: 'നമസ്കാരം നിശ്ചിത സമയത്ത് നിർവഹിക്കലാകുന്നു.' പിന്നീടേതാണെന്ന് ചോദിച്ചപ്പോൾ മാതാപിതാക്കൾക്ക് നന്മ ചെയ്യലാകുന്നുവെന്ന് പ്രവാചകൻ പറഞ്ഞു. പിന്നീടേതാണെന്ന് വീണ്ടും ഇബ്നു മസ്ഊദ് ചോദിച്ചപ്പോൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യലാണെന്ന് പറഞ്ഞു (ബുഖാരി, മുസ്‌ലിം). ജിഹാദിനേക്കാളും ഒരുവേള ഹിജ്റയെക്കാളുമെല്ലാം മുൻഗണന നൽകിയിട്ടുള്ളത് മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണെന്ന് ഗ്രഹിക്കാം.

സ്വന്തം മാതാപിതാക്കളെ പെരുവഴിയിൽ തള്ളുന്നവരും അവരെ വൃദ്ധസദനങ്ങളിൽ അന്തേവാസികളാക്കുന്നവരും ഒന്നോർക്കുക. അവർ നിങ്ങൾക്ക് ജന്മം നൽകിയവരും, അവരുടെ സുഖക്ഷേമങ്ങൾ കൈവെടിഞ്ഞ് നിങ്ങളെ പോറ്റി വളർത്തിയവരുമാണ്. നബി(സ) അരുളി: 'മാതാപിതാക്കൾക്ക് നന്മ ചെയ്തവന് മംഗളം. അവന്റെ ആയുസ്സ് അല്ലാഹു വർധിപ്പിച്ചുനൽകട്ടെ' (ത്വബറാനി, ഹാകിം). ●